പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1883 04.12.2018-ലെ മറുപടിക്ക്

## ചിൽ ബസ് സർവ്വീസുകൾ

ചോദ്യം ഉത്തരം

ശ്രീ.വി.ഡി.സതീശൻ ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വിവിധ മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ചിൽ ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര ബസ്സുകളാണ് ഉപയോഗിക്കുന്നത്; | (ബി) | 90 ബസ്സുകൾ. |
| (സി) | നിലവിൽ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ലോ ഫ്ളോർ എ.സി. ബസ്സുകളെത്തന്നെയാണോ ചിൽ ബസ്സുകളെന്ന പേരിൽ രൂപഭേദം വരുത്തിയത്; ഇതിന്റെ ഭാഗമായി വിവിധ ഡിപ്പോകളിൽ നിന്നും ബസ്സുകൾ പിൻവലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ സർവ്വീസ് നടത്തികൊണ്ടിരുന്ന എ.സി ബസ്സുകൾ ക്രമീകരിച്ച് നിശ്ചിത ഇടവേളകളിൽ യാത്രക്കാർക്ക് പ്രയോജനകരമാം വിധം ചിൽ ബസ്സ് എന്ന ലേബലിൽ സർവ്വീസ് നടത്തുകയാണ്. എ.സി ബസ്സിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും, ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായും ടി ബസ്സുകൾ മൂന്ന് മേഖലകളായി കേന്ദ്രീകരിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി ഡിപ്പോകളിൽ നിന്നും എ.സി വോൾവോ ബസ്സുകൾ പിൻവലിച്ചിട്ടുണ്ട്. ആയവ ഉപയോഗിച്ച് തിരുവനന്തപുരം - എറണാകുളം, എറണാകുളം - കോഴിക്കോട്, കോഴിക്കോട് - കാസർഗോഡ് എന്നീ റൂട്ടുകളിൽ ഓരോ മണിക്കൂർ ഇടവേളകളിൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും, കാര്യക്ഷമമായി നടത്തുവാൻ കഴിയുന്നതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ